ജിമ്മിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സംസ്ഥാനത്തെ വികസന പദ്ധതികൾ

2 [2870] ശ്രി. കോടിയേരി ബാലകൃഷ്ണൻ:
,, മഞ്ഞളാംകുഴി അലി:
,, എ. കെ. ബാലൻ:
,, ടി. കെ ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപക സംഗമത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സംസ്ഥാനത്തെ വികസന പദ്ധതികൾ എല്ലാം നടപ്പാക്കിത്തുടങ്ങിയിട്ടുണ്ടോ; പദ്ധതികൾ ഓരോന്നിനേയും ഇപ്പോഴത്തെ സ്ഥിതിവിവരം വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്ക് ഓരോന്നിനും ഇതിനകം എന്ത് തുക വീതം ചെലവഴിക്കുകയുണ്ടായി;

(സി) ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ സാങ്കേതിക സാധ്യതാ പഠനവും സാമ്പത്തിക സാധ്യതാ പഠനവും നടത്തുകയുണ്ടായി; വിശദമാക്കാമോ;

(ഡി) ജിമ്മിൽ ഒപ്പുവച്ച എത്ര ധാരണാപത്രങ്ങൾ ഇതിനകം കാലഹരണപ്പെടുകയുണ്ടായിട്ടുണ്ട്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എൻ. ഡി. പി. സി.-യുടെ കായംകുളം തെർമൽ പ്ലാന്റിന്റെ ഉല്പാദനേ ശേഷി, വികസനം, കൊച്ചി റിഫൈനറിയുടെ വികസനം, വല്ലാർപാടത്ത് അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ എന്നീ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) കൊച്ചി റിഫൈനറിയുടെ വികസനത്തിന് പ്രാഥമിക ചെലവുകൾക്കായി 4 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റു പദ്ധതികളിൽ എൻ.ഡി.പി.സി.-യുടെ വികസനത്തിന് നിക്ഷേപമൊന്നും നടന്നിട്ടില്ല. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ കണക്ക് ശേഖരിച്ചു വരുന്നു.

(സി) എൻ.ഡി.പി.സി.-യുടെ കായംകുളം പദ്ധതിക്കും കൊച്ചി റിഫൈനറിയുടെ വികസന പദ്ധതിക്കും സാദ്ധ്യതാ പഠനവും എൻ.എം.ഡി.സി.-യുടെ ധാതുമണൽ പദ്ധതിക്ക് മാർക്കറ്റ് സർവ്വേയും നടത്തുകയുണ്ടായി.

(ഡി) ജിമ്മിൽ ഒപ്പുവച്ച 19 പദ്ധതികൾക്ക് പുരോഗതി ഉണ്ടായില്ല.

സഹകാര്യ വ്യവസായ മേഖലയുടെ വികസനത്തിന് സംരക്ഷണ പദ്ധതി

3 [2871] ശ്രി. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോഗവസ്തുക്കളുടെ ഉല്പാദനക്കുറവുകൊണ്ടും അസംസ്കൃത വസ്തുക്കൾ അന്യ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതുകൊണ്ടും സംസ്ഥാനത്തെ സ്വകാര്യ വ്യവസായ മേഖല തകർച്ചയെ നേരിടുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വകാര്യ വ്യവസായ മേഖലയുടെ വികസനത്തിനും സംരക്ഷണത്തിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തകർച്ച നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിവിധയിനം പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, മോഡേൺ റൈസ് മില്ലുകൾ, കാഷ്യൂ പ്രോസസ്സിംഗ് യൂണിറ്റുകൾ മുതലായ സെക്ടറുകളിൽ ഇത്തരം പ്രതിസന്ധിയുണ്ട്.

(ബി) അന്യ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടി വരുന്ന അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് സ്വകാര്യ വ്യവസായികൾ മുന്നോട്ടുവന്നാൽ വേണ്ട സഹായ സഹകരണങ്ങൾ നല്കുന്നതിനായി ഏതെല്ലാം പദ്ധതികൾ നടപ്പാക്കണമെന്ന് പഠിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

സ്വകാര്യ വ്യവസായ മേഖലയുടെ വികസനത്തിനുവേണ്ടി കിൻഫ്ര പാർക്കുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ആയുർവേദം, അപ്പാരൽ, ടെക്സ്റ്റൈൽ, ഭക്ഷ്യസംസ്കരണം, റബ്ബർ അധിഷ്ഠിത വ്യവസായം എന്നീ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു.

ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടാനുള്ള കാരണങ്ങൾ

4 [2872] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മെയ് 31 വരെ ചെറുകിട വ്യവസായ മേഖലയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ച 41817 യൂണിറ്റുകളിൽ 3531 യൂണിറ്റുകൾ പൂട്ടിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിപണന പ്രശ്നങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, വ്യവസായ രംഗത്തെ മൽസരങ്ങൾ അതിജീവിക്കാൻ കഴിയായ്ക, മാനേജ്മെന്റ് പ്രശ്നങ്ങൾ മുതലായവയാണ് പ്രധാന കാരണങ്ങളായി ശ്രദ്ധയിൽപെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly